## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3147

15.02.2013 ൽ - മറുപടിക്ക്

## വെളിച്ചെണ്ണയ്ക്ക് സബ്സിഡി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പാമോയിലിന് നൽകുന്നതു പോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി നൽകി സപ്ലൈകോ, ത്രിവേണി, മാവേലി സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ ; | (എ) സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ , മാവേലി സ്റ്റോറുകൾ എന്നിവ വഴി സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡിയോടെ ലിറ്ററിന് 62 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഉത്സവകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ കാല മേളകളിൽ സർക്കാർ സബ്സിഡിയോടുകൂടി വിതരണം ചെയ്തുവരുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളിൽ വെളിച്ചെണ്ണയും ഉൾപ്പെട്ടിട്ടുണ്ട്. ഇവ കൂടാതെ, കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്നതും, പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നതുമായ നന്മ സ്റ്റോറുകളിലൂടെ പൊതുവിപണിയിൽ നിന്നും 20 % വരെ വില കുറച്ച് ലഭ്യമാക്കുന്ന പത്തിനം അവശ്യസാധനങ്ങളിലും വെളിച്ചെണ്ണ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) നാളികേരത്തെയും എണ്ണക്കുരുക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ബി) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ